ഉത്തരം

(എ) കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ കാസർഗോഡ് ജില്ലയിലെ കരിന്തളം ഖനിയിൽ അമ്പത് ഏക്കർ സ്ഥലത്തിന്റെ അതിരുകൾ വേർതിരിക്കുകയും ഓഫീസ് ബിൽഡിംഗ്, എക്സ്പ്ലോസീവ്സ് സൂക്ഷിക്കുന്നതിനുള്ള മാഗസിൻ ബിൽഡിംഗ്, അതിരുകളോട് ചേർന്നുള്ള പൊതുവഴി, ജീവനക്കാരുടെ കുടിവെള്ളത്തിന്റെ ആവശ്യത്തിലേക്കുള്ള കുഴൽക്കിണർ എന്നീ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയിട്ടുള്ളത്. കൂടാതെ മൈൻ പ്രവർത്തനത്തിനാവശ്യമായ മെഷീനറികളും വാങ്ങിയിട്ടുണ്ട്. ഇവയ്ക്കെല്ലാം കൂടി ഏകദേശം 90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് പ്രയാസമില്ലാത്ത നിലയിൽ കമ്പനി സ്ഥലത്തിന് ചുറ്റും ഫെൻസിംഗ് ചെയ്യുക, പൊതുവഴിക്കായി നീക്കിവച്ച സ്ഥലം ജനങ്ങൾക്കും വാഹനങ്ങൾക്കും സഞ്ചരിക്കാൻ കഴിയുന്ന നിലയിൽ റോഡാക്കി മാറ്റുക, തൊഴിലാളികൾക്കും മറ്റും ഉപയോഗിക്കാനുള്ള കക്കൂസ്, കുളിമുറി എന്നിവ നിർമ്മിക്കുക, ഗോഡൗൺ ബിൽഡിംഗ്, യൂട്ടിലിറ്റി ബ്ലോക്ക്, ക്രഷർ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ കമ്പനി ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) ബന്ധപ്പെട്ട പ്രദേശം സന്ദർശിച്ചു പഠനം നടത്തിയ മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ പാരിസ്ഥിതിക പ്രശ്നങ്ങളൊന്നും ഇതിൽ അന്തർലീനമായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ജനങ്ങൾക്ക് പരമാവധി തൊഴിലവസരം സൃഷ്ടിച്ചുകൊണ്ട് ഖനന പ്രവർത്തനവുമായി മുന്നോട്ടു പോകാനാണ് ഗവൺമെന്റ് കരുതുന്നു. ഇതിനായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തുന്നതാണ്.

ഗോത്രവർഗ്ഗക്കാർക്ക് പ്രാമുഖ്യമുള്ള വ്യവസായ സംരംഭങ്ങൾ

11 (165) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്രവർഗ്ഗ സമൂഹത്തിന് തൊഴിൽ ലഭ്യമാക്കാൻ ഗോത്രവർഗ്ഗക്കാർക്ക് പ്രാമുഖ്യമുള്ള ഏതെങ്കിലും വ്യവസായങ്ങൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഗോത്രവർഗ്ഗ വിഭാഗങ്ങൾ പ്രധാനമായും കൃഷിയും അനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു ജീവിച്ചുവരുന്നതിനാൽ ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസായങ്ങൾ അനുവദിക്കുന്നതിന് നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly